# പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2880 — 20.03.15 ൽ - മറുപടിക്ക്

## ഭക്ഷ്യ സുരക്ഷാനിയമം

**ചോദ്യം**

ശ്രീ. റോഷി അഗസ്റ്റിൻ
,, പി.സി. ജോർജ്
ഡോ. എൻ. ജയരാജ്
ശ്രീ. എം.വി. ശ്രേയാംസ് കുമാർ

**ഉത്തരം**

ശ്രീ. അനൂപ് ജേക്കബ്
(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പുമന്ത്രി)

(എ) ഭക്ഷ്യസുരക്ഷാ നിയമ പ്രകാരം സംസ്ഥാനത്ത് മുൻഗണനാ വിഭാഗത്തെ കണ്ടെത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ;

(എ) സംസ്ഥാനത്തെ ബി.പി.എൽ. വിഭാഗക്കാരെ കണ്ടെത്തുന്നതിനായി 14.01.2011-ലെ സ.ഉ (കൈ)നം.16/11/ത.സ്വ.ഭ.വ., 27.4.2012ലെ സ.ഉ (കൈ)നം.112/12/ത.സ്വ.ഭ.വ. എന്നീ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ അപേക്ഷാ ഫാറം റേഷൻ കടകളിലൂടെ റേഷൻ കാർഡുടമകൾക്ക് നൽകി പൂരിപ്പിച്ച അപേക്ഷാ ഫോറം പ്രത്യേകം സംഘടിപ്പിക്കുന്ന ക്യാമ്പുകളിലൂടെ തിരികെ വാങ്ങുകയും കുടുംബത്തിലെ മുതിർന്ന വനിതയുടെ ഫോട്ടോ എടുക്കുകയും ചെയ്യുന്നു. കാർഡുടമ പൂരിപ്പിച്ച് നൽകിയിരിക്കുന്ന അപേക്ഷാ ഫോറത്തിന്റെ അടിസ്ഥാനത്തിൽ ഡാറ്റാ എൻട്രി നടത്തുകയും റാങ്കിംഗ് നടത്തുകയും ചെയ്യുന്നു. കരട് മുൻഗണനാ പട്ടിക പൊതുജനങ്ങൾക്കായി പ്രസിദ്ധപ്പെടുത്തുകയും പരാതികളും ആക്ഷേപങ്ങളും റേഷനിംഗ് ഇൻസ്പെക്ടർ കൺവീനറായ കമ്മിറ്റി പരിശോധിച്ച് പരിഹരിച്ച ശേഷം പഞ്ചായത്തുകൾ അംഗീകരിച്ച് നൽകുന്ന പട്ടിക പ്രകാരം മുൻഗണനാ കാർഡുകൾ നൽകുന്ന പദ്ധതിയാണ് നടപ്പിലാക്കുവാൻ സർക്കാർ അനുമതി നൽകിയിട്ടുള്ളത്.

(ബി) ഇതുസംബന്ധിച്ച് മന്ത്രിസഭാ ഉപസമിതി പഠനം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത റിപ്പോർട്ടിലെ പ്രധാന നിർദ്ദേശങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ?

(ബി) & (സി) മുൻഗണനാ പട്ടികയുടെ റാങ്കിംഗ് ഏത് തലത്തിൽ നടപ്പിലാക്കണം എന്നതിനെ സംബന്ധിച്ചാണ് മന്ത്രിസഭാ ഉപസമിതി പഠനം നടത്തി റിപ്പോർട്ട് നൽകിയിട്ടുള്ളത്. മുൻഗണനാ പട്ടികയ്ക്കായി താലൂക്ക് തലങ്ങളിൽ റാങ്കിംഗ് നടത്തണമെന്നാണ് മന്ത്രിസഭാ ഉപസമിതി നൽകിയിട്ടുള്ള നിർദ്ദേശം.

സെക്ഷൻ ഓഫീസർ